"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി - ഇടുക്കി ജില്ലയിലെ മൂന്നാർ ഇൻസ്പെക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 06/10/2021 തീയതിയിൽ മരണമടഞ്ഞ സുനിൽകുമാർ യു. കെ. യുടെ ഭാര്യ ശ്രീമതി. സുനിതമോൾ ടി. ആർ. നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/CAD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. സ.ഉ(പി) നം.12/99/ഉഭപവ, തിയതി 24-05-1999.
2. സ.ഉ(പി) നം.5/2018/ഉഭപവ, തിയതി 21-02-2018.
3. ലീഗൽ മെട്രോളജി കൺട്രോളറുടെ 03-06-2023 തിയതിയിലെ LMD-HQ-2157/2022-B2 നമ്പർ കത്ത്.
4. ഇടുക്കി ജില്ല കളക്ടറുടെ 28-03-2023 തിയതിയിലെ DCIDK/7998/2022-A8 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിലേയ്ക്കായി ഇടുക്കി ജില്ലയിലെ മൂന്നാർ ഇൻസ്പെക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ സുനിൽകുമാർ യു. കെ. യുടെ ഭാര്യ ശ്രീമതി. സുനിതമോൾ ടി. ആർ. ന്റെ അപേക്ഷ ശിപാർശ സഹിതം പരാമർശം (3) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സമർപ്പിച്ചിരുന്നു.

ഇടുക്കി ജില്ലയിലെ മൂന്നാർ ഇൻസ്പെക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി നോക്കവേ **06/10/2021** ലാണ് സുനിൽകുമാർ യു. കെ. മരണമടഞ്ഞത്. ടിയാൾക്ക് ആകെ **9** വർഷം, **01** മാസം, **28** ദിവസം സർവ്വീസ് ഉണ്ടായിരുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിലേയ്ക്കായി ശ്രീമതി. സുനിതമോൾ ടി. ആർ. സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ലീഗൽ മെട്രോളജി കൺട്രോളർ പരാമർശം (3) പ്രകാരവും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരവും ആശ്രിത നിയമനത്തിന് ശ്രീമതി. സുനിതമോൾ ടി. ആർ. നെ ശിപാർശ ചെയ്യുകയുണ്ടായി.

മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ

പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 12/05/1977 -ഉം പ്രായം 48 വയസ്സുമാണ്. അപേക്ഷകയുടെ വിദ്യാഭ്യാസ യോഗ്യത 9-ാം ക്ലാസും കുടുംബ വാർഷിക വരുമാനം 36,000/- രൂപയുമാണ്. യോഗ്യതയ്ക്കനുസരിച്ച് ലീഗൽ മെട്രോളജി വകുപ്പിൽ ഇടുക്കി ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായാണ് അപേക്ഷിച്ചിട്ടുള്ളത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷക പാലിക്കുന്നുണ്ട്. പരാമർശം (2) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. സുനിതമോൾ ടി. ആർ. സമർപ്പിച്ച അപേക്ഷ, ബന്ധപ്പെട്ട രേഖകൾ, ലീഗൽ മെട്രോളജി കൺട്രോളറുടേയും ഇടുക്കി ജില്ലാ കളക്ടറുടേയും റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിൽ അപേക്ഷക സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിലവിലുള്ള/ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകുന്നതിന് അർഹയാണെന്നു കാണുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ ഇൻസ്പെക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ സുനിൽകുമാർ യു. കെ. യുടെ ഭാര്യ ശ്രീമതി. സുനിതമോൾ ടി. ആർ. ന് പരാമർശം (1) & (2) ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള/ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള മേൽനിയമനം ആകെ തസ്തികയുടെ 5%-ൽ അധികരിക്കരുത്.

അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് തുടങ്ങിയവ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം, പരിശോധിച്ച ശേഷം ലീഗൽ മെട്രോളജി കൺട്രോളർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സമീപകാലത്തുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷക നിയമനാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്.

ശ്രീമതി. സുനിതമോൾ ടി. ആർ. ന് നിയമനം നൽകിയ വിവരം സുനിൽകുമാർ യു. കെ. യുടെ സർവ്വീസ് ബുക്കിലും സർവ്വീസിന്റെ അവസാന കാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്. അപേക്ഷകയ്ക്ക് സ്വന്തം ജില്ലയിൽ അല്ലാതെ മറ്റേതെങ്കിലും ജില്ലയിലാണ് നിയമനം നൽകുന്നതെങ്കിൽ, സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലമാറ്റം നൽകേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്ന സമയത്തോ, വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചു വച്ചിരുന്നതായോ കാണുകയും നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ

എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ് :
കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. സുനിതമോൾ. ടി. ആർ.(ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ഓഡിറ്റ് ) കേരള തിരുവനന്തപുരം
നവ — ദൃശ്യ അച്ചടി വിഭാഗം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി ( ഫയൽ നം. സിഎ4/68/2023/സിഎഡി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ